LIBRARY ARCHIVES Kerala Legislative Assembly

മാലിന്യ സംസ്കരണത്തിനായി പുതിയ പദ്ധതികൾ

107 (3391) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നഗരങ്ങളിലെ മാലിന്യ സംസ്കരണത്തിനായി പുതിയ പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ടോ എന്ന് വിശദമാക്കാമോ ;

(ബി) എങ്കിൽ ഏതെല്ലാം പദ്ധതിയാണെന്നും, അതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) നഗരങ്ങളിലെ ജൈവ-അജൈവ മാലിന്യങ്ങളുടെ സംസ്കരണത്തിനായി ഈ സർക്കാർ രൂപം കൊടുത്തിട്ടുള്ള പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. സംസ്ഥാനത്തെ 5 കോർപ്പറേഷനുകളിലും, 60 മുനിസിപ്പാലിറ്റികളിലും ഉത്ഭവിക്കപ്പെടുന്നതും, നിരത്തുകളിലും മറ്റും ചിതറിക്കിടക്കുന്നതുമായ മോശം പ്ലാസ്റ്റിക്കുകൾ കഴുകി വൃത്തിയാക്കി പൊടിച്ച് ബേൽ ചെയ്ത പുനഃചംക്രമണത്തിനുള്ള സംവിധാനം ഒരുക്കുന്ന പദ്ധതി.

2. പ്ലാസ്റ്റിക് മാലിന്യങ്ങൾ ഷ്റെഡ്ഡിഗ് മെഷീനുകൾ ഉപയോഗിച്ച് ചിപ്പുകളാക്കി മാറ്റി ഇവ ഉപയോഗിച്ച് പൊതുമരാമത്ത് വകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാനത്തെ റോഡുകളുടെ ടാറിംഗ്.

3. ഇ-മാലിന്യങ്ങൾ ശേഖരിച്ച് കേന്ദ്ര സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ സാക്ഷ്യപത്രമുള്ള റീ-സൈക്ക്ളിംഗ് ഏജൻസികളിലൂടെ നിർമ്മാർജ്ജനം ചെയ്യുന്ന പദ്ധതി.

4. പ്രതിദിനം 50 ടൺ വരെ മാലിന്യം ഉണ്ടാകുന്ന നഗരങ്ങളിൽ CNG Bottling Plant-കൾ സ്ഥാപിക്കുന്ന പദ്ധതി.

5. എല്ലാ ജില്ലകളിലും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി.

6. മാലിന്യ സംസ്കരണത്തിന് ആതന സാങ്കേതിക വിദ്യയായ പ്ലാസ്മാ ഗ്യാസിഫിക്കേഷൻ ഉപയോഗിച്ചുള്ള പ്ലാന്റ് കൊച്ചിയിൽ സ്ഥാപിക്കുന്ന പദ്ധതി. കൂടാതെ വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഉറവിട മാലിന്യ സംസ്കരണ പദ്ധതിക്ക് കൂടുതൽ പ്രോത്സാഹനം നൽകിവരുന്നു. മാലിന്യ സംസ്കരണത്തിന് പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് ബോധവൽക്കരണ പരിപാടികളും നല്ല രീതിയിൽ നടത്തി വരുന്നു.

(ബി) 1. പ്ലാസ്റ്റിക് പ്രോസസ്സിംഗ് പ്ലാന്റുകൾ സ്ഥാപിക്കുവാനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. സംസ്ഥാനത്തെ ഈ രീതിയിലുള്ള ആദ്യത്തെ പ്ലാന്റ് കൊച്ചിയിൽ സ്ഥാപിക്കുവാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. വൈദ്യുതി ലഭിക്കുന്ന മുറയ്ക്ക് ടി പ്ലാന്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

2. പി.ഡബ്ല്യു.ഡി.-യുമായി ചേർന്ന് 2 കിലോമീറ്റർ റോഡ് ടാറിംഗ് പൂർത്തീകരിച്ചു.

3. ഇ-മാലിന്യ ശേഖരണ പദ്ധതിയുടെ ടെണ്ടർ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുകയും, ഒക്ടോബർ 5-ാം തീയതി പദ്ധതി ആരംഭിക്കുകയും കേരളത്തിലെ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും ഇ-മാലിന്യങ്ങൾ ശേഖരിച്ചു തുടങ്ങുകയും ചെയ്തിട്ടുണ്ട്.

4. CNG Bottling Plant-കൾ സ്ഥാപിക്കുന്നതിനായുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു.

5. എല്ലാ ജില്ലകളിലും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് ടെണ്ടർ ക്ഷണിക്കുകയും കൊച്ചി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഒരു അംഗീകൃത ഏജൻസിയുമായി ധാരണയിലെത്തുകയും ചെയ്തിട്ടുണ്ട്.

6. മാലിന്യസംസ്കരണത്തിനായി കൊച്ചിയിൽ സ്ഥാപിക്കുവാൻ തീരുമാനിച്ചിരിക്കുന്ന പ്ലാന്റിൻവേണ്ടിയുള്ള രൂപരേഖ പ്രസ്തുത പദ്ധതിയുടെ ട്രാൻസാക്ഷൻ അഡ്വൈസർ ആയ KITCO തയ്യാറാക്കി നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly